"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - എറണാകുളം ജില്ലയിലെ കളമശ്ശേരി സാമ്രാ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 29.10.2023-ൽ നടന്ന യഹോവ സാക്ഷികളുടെ പ്രതിനിധി യോഗത്തിനിടെ ഉണ്ടായ സ്ഫോടനത്തിൽ പരിക്കേറ്റ് ചികിത്സയിലിരിക്കെ മരണപ്പെട്ട 3 പേരുടെ കുടുംബങ്ങൾക്ക് കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ് - എ) വകുപ്പ്**

സ.ഉ.(കൈ) നം.24/2024/RD തീയതി,തിരുവനന്തപുരം, 20-01-2024

---

പരാമർശം:-
1. 17.11.2023-ലെ സ.ഉ.(കൈ)നം.260/2023/റവ
2. എറണാകുളം ജില്ലാ കളക്ടറുടെ 11.12.2023 -ലെ DCEKM/11295/2023-D1 നമ്പർ കത്ത്

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കളമശ്ശേരി സാമ്രാ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 29.10.2023-ൽ നടന്ന യഹോവ സാക്ഷികളുടെ പ്രതിനിധി യോഗത്തിനിടെ ഉണ്ടായ സ്ഫോടനത്തിൽ മരണപ്പെട്ട ഓരോരുത്തരുടേയും കുടുംബങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിനും സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ ചികിത്സയിലുള്ളവരുടെ ചികിത്സാച്ചെലവ് പൂർണമായും സർക്കാർ വഹിക്കുന്നതിനും അതിനാവശ്യമുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്നതിനും പരാമർ ശം (1) പ്രകാരം ഉത്തരവായിരുന്നു. ആയതിൻ പ്രകാരം പ്രസ്തുത സ്ഫോടനത്തിൽ മരണമടഞ്ഞ ആലുവ സ്വദേശി ശ്രീ.പ്രദീപന്റെ മകൾ ലിബിന(12 വയസ്സ്) , ഭാര്യ റീന (45 വയസ്സ്) , തൊടുപുഴ സ്വദേശിനി കുമാരി(53 വയസ്സ്) , പെരുമ്പാവൂർ സ്വദേശിനി ലിയോണ പൗലോസ്(55 വയസ്സ്) , ആലുവ സ്വദേശിനി മോളി ജോയി(61 വയസ്സ്) എന്നീ 5 പേരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപ വീതം ആകെ 25 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചിരുന്നു.

2. കളമശ്ശേരി സ്ഫോടനത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന **പ്രവീൺ**(24 വയസ്സ്) S/oപ്രദീപൻ, കട്ടുവൻകുളങ്ങരയിൽ വീട്, മലയാറ്റൂർ, **ജോൺ**(76 വയസ്സ്) കുളങ്ങരതൊട്ടിയിൽ, വണ്ടമറ്റം, തൊടുപുഴ, ഇടുക്കി ജില്ല, ജോണിന്റെ ഭാര്യ **ലില്ലിജോൺ**(76 വയസ്സ്) കുളങ്ങരതൊട്ടിയിൽ, വണ്ടമറ്റം, തൊടുപുഴ, ഇടുക്കി ജില്ല എന്നീ 3 പേർ കൂടി പിന്നീട് മരണപ്പെട്ടിട്ടുള്ളതായി പരാമർ ശം (2) പ്രകാരം എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കളമശ്ശേരി സാമ്രാ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ 29.10.2023-ൽ നടന്ന യഹോവ സാക്ഷികളുടെ പ്രതിനിധി യോഗത്തിനിടെ ഉണ്ടായ സ്ഫോടനത്തിൽ പരിക്കേറ്റ് ചികിത്സയിലിരിക്കെ പിന്നീട് മരണപ്പെട്ട പ്രവീൺ(24 വയസ്സ്) S/oപ്രദീപൻ, കട്ടുവൻകുളങ്ങരയിൽ വീട്, മലയാറ്റൂർ, ജോൺ(76 വയസ്സ്) കുളങ്ങരതൊട്ടിയിൽ, വണ്ടമറ്റം,

തൊടുപുഴ, ഇടുക്കി ജില്ല, ജോണിന്റെ ഭാര്യ ലില്ലി ജോൺ(76 വയസ്സ്) കുളങ്ങരതൊട്ടിയിൽ, വണ്ടമറ്റം, തൊടുപുഴ, ഇടുക്കി ജില്ല എന്നീ 3 പേരുടെ കുടുംബങ്ങൾക്ക് കൂടി 5 ലക്ഷം രൂപ വീതം ആകെ 15 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിന് ആവശ്യമായി വരുന്ന 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും എറണാകുളം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അടിയന്തിരമായി വിതരണം ചെയ്ത് വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, എറണാകുളം

ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂവകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സിഎ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്.

പൊതുഭരണ(എസ്.സി) വകുപ്പ് (18.01.2024-ലെ ഇനം നം:1999 പ്രകാരം)

മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ (അറിവിലേക്കായി)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
V D Omana
Date: 20-01-2024 15:48:21
സെക്ഷൻ ഓഫീസർ